**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3496** **15-02-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇക്കാര്യത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടിക്രമങ്ങളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും ഇതുവരെ ഏതൊക്കെ നടപടികൾ പൂർത്തീകരിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ വില്ലേജിൽ നിലമ്പൂർ ബൈപ്പാസ് റോഡ് നിർമ്മാണത്തിന് 10.6609 ഹെക്ടർ ഭൂമി (രണ്ടാം ഘട്ടം) എൽ.എ.ആർ.ആർ ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതും 20/02/2023 തീയതിയിൽ 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിദഗ്ധ സമിതിയുടെ പരിഗണയ്ക്ക് സമർപ്പിച്ചിട്ടുള്ളതും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുള്ളതുമാണ്. തുടർന്ന് 11(1) വിജ്ഞാപനം 06.01.2024 തീയതിയിൽ കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br><br>11(1) വിജ്ഞാപനത്തിന് ശേഷം അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR), ആർ.ആർ പാക്കേജ് എന്നിവ അംഗീകരിച്ച് ഉത്തരവാകണം. റിക്വിസിഷൻ അതോറിറ്റി മുഴുവൻ ഫണ്ടും അടവാക്കിയതിനു ശേഷം 19(1) ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന് അവാർഡ് പാസ്സാക്കി ഭൂമി റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുന്നതുമാണ്. |
| (ബി) | പ്രസ്തുത ബൈപ്പാസ് നിർമ്മാണത്തിനായി രണ്ട് ഘട്ടങ്ങളിലായി ആകെ എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ഇതുവരെ എത്ര ഹെക്ടർ ഭൂമിക്ക് നഷ്ടപരിഹാരതുക നൽകി ഏറ്റെടുത്തുവെന്നും ആകെ ഇതുവരെ നൽകിയ നഷ്ടപരിഹാതുക എത്രയെന്നും അറിയിക്കാമോ; വിശദമാക്കാമോ; | (ബി) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായി രണ്ട് ഘട്ടങ്ങളിലായി മൊത്തം 17.8050 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 7.1441 ഹെക്ടർ ഭൂമിക്ക് നഷ്ടപരിഹാര തുകയായി 35,17,77,170/- രൂപ (മുപ്പത്തിയഞ്ച് കോടി പതിനേഴ് ലക്ഷത്തി എഴുപത്തി ഏഴായിരത്തി ഒരുനൂറ്റി എഴുപത് രൂപ മാത്രം) നൽകിയിട്ടുണ്ട്. |
| (സി) | ഇതിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽ നിന്നും ഏതെല്ലാം ഉത്തരവുകളാണ് ഇനിയും പുറപ്പെടുവിക്കേണ്ടതെന്നും | (സി) | അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (BVR), ആർ.ആർ പാക്കേജ് എന്നിവ അംഗീകരിച്ച് ഉത്തരവാകണം. റിക്വിസിഷൻ അതോറിറ്റി മുഴുവൻ ഫണ്ടും അടവാക്കിയതിനു ശേഷം 19(1) ഡിക്ലറേഷൻ |

| | | | |
|---|---|---|---|
| | ആയത് എന്നത്തേക്ക് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ; | | പ്രസിദ്ധപ്പെടുത്തേണ്ടതും തുടർന്ന് അവാർഡ് പാസ്സാക്കി ഭൂമി റിക്വിസിഷൻ അതോറിറ്റിക്ക് കൈമാറുന്നതുമാണ്. |
| (ഡി) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടപടികൾ എന്നാണ് ആരംഭിച്ചതെന്നും ഇതുവരെ ഇതിനായി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചുവെന്നും ഭരണാനുമതി എത്ര തവണ പുതുക്കി നൽകിയെന്നും അവസാനമായി ഏതുവർഷമാണ് റവന്യൂ വകുപ്പിന്റെ ഭരണാനുമതി ലഭിച്ചിരുന്നതെന്നും വിശദമാക്കാമോ; | (ഡി) | 14/06/2013 തീയതിയിലെ G.O (Rt.) No. 3359/13/RD പ്രകാരമാണ് നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിനായുള്ള എൽ.എ. നടപടികൾ ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 07/05/2015-ന് LARR നിയമപ്രകാരമുള്ള പ്രഖ്യാപനം പ്രസിദ്ധപ്പെടുത്തിയിരുന്നു. അർത്ഥനാധികാരിയിൽ നിന്നും നഷ്ടപരിഹാര തുക ഇനത്തിൽ 14 കോടി രൂപ 12.05.2016-ന് ലഭ്യമാവുകയും തുടർന്ന് ഒന്നാം വർക്ക് ബ്ലോക്കിനായുള്ള അവാർഡ് 25.10.2016-ന് പാസാക്കുകയും ചെയ്തു. രണ്ടാം വർക്ക് ബ്ലോക്കിനായുള്ള 21,20,00,000/- രൂപ ലഭ്യമായതിൽ അവാർഡ് 28/12/2017, 15/12/2018, 30/01/2020 എന്നീ തിയതികളിൽ പാസാക്കുകയുണ്ടായി.<br><br>മൂന്നാം വർക്ക് ബ്ലോക്കിനായുള്ള ഫണ്ട് അർത്ഥനാധികാരി ലഭ്യമാക്കാത്തതിനാൽ നേരത്തെ ലഭ്യമായ ഫണ്ടിൽ കുറച്ച് ഭൂഉടമകൾക്ക് മാത്രം അവാർഡ് 30.01.2020 തിയതിയിൽ പാസാക്കി. അപ്രകാരം 35,20,00,000/- രൂപ ലഭ്യമായതിൽ 35,17,77,170/- രൂപ നഷ്ടപരിഹാര തുകയായി നൽകിയിട്ടുണ്ട്.<br><br>നിശ്ചിത സമയ പരിധിയായ 07/05/2017 നകം അർത്ഥനാധികാരിയിൽ നിന്നും നഷ്ടപരിഹാര തുക ലഭ്യമാകാത്തതിനാൽ ബാക്കി കേസുകളിൽ അവാർഡ് പാസാക്കാൻ കഴിഞ്ഞിരുന്നില്ല. അപ്രകാരം ഒന്നാം ഘട്ടമായി 7.1441 ഹെക്ടർ ഭൂമി ഏറ്റെടുത്തിരുന്നു.<br><br>തുടർന്ന് ബഹു. ഹൈക്കോടതി അഡ്വക്കേറ്റ് ജനറലിൽ നിന്നും LARR Act 2013 പ്രകാരമുള്ള 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിന് നിയമോപദേശം ലഭ്യമാകുകയും ആയത് പ്രകാരം 20/02/2023 തീയതിയിൽ 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 4(1) വിജ്ഞാപനം മുതലാണ് രണ്ടാം ഘട്ടത്തിൽ (10.6609 ഹെക്ടർ ഭൂമി) പുതിയതായി ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുള്ളത്.<br><br>14.06.2023 തീയതിയിലെ G.O (Rt.) No.3359/13/RD നമ്പർ ഉത്തരവിനു ശേഷം ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഒരിക്കൽ കണക്കാക്കിയ നഷ്ടപരിഹാരത്തുക ഓരോ വർഷവും എത്ര ശതമാനം വീതമാണ് വർദ്ധിക്കുന്നതെന്നും 2015-ൽ നിലമ്പൂർ ബൈപ്പാസിനായി കണക്കാക്കിയിരുന്ന ആകെ നഷ്ടപരിഹാരത്തുക എത്രയെന്നും ഇപ്പോൾ എത്രയായി വർദ്ധിച്ചുവെന്നും അറിയിക്കാമോ? | (ഇ) | LARR Act 2013 പ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച 20/02/2023 തീയതി മുതൽ അവാർഡ് തീയതി വരെ ഭൂ വിലയ്ക്ക് (അടിസ്ഥാന വില) 12% വർദ്ധനവും വസ്തുവിലെ കുഴിക്കൂർ ചമയങ്ങൾ അടക്കമുള്ള ഭൂമിയുടെ വിലയ്ക്ക് 100% സൊലേഷ്യവുമാണ് നഷ്ടപരിഹാരമായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ